# ഖത്തറിലെ ആദ്യത്തെ ആശാട്ടി

• ഷഹ്നാസ് ബീഗം




ഗള്‍ഫ് രാജ്യങ്ങള്‍ പൊതുവെ സാക്ഷരതയിലേക്ക് മുന്നേറുന്നത് എഴുപതുകള്‍ക്ക് ശേഷമാണ്. അതിനുമുമ്പു ലിംഗഭേദമില്ലാതെ തന്നെ നിരക്ഷരത സര്‍വവ്യാപകമായിരുന്നു. എണ്ണ കണ്ടെത്തിയതോടെയാണ് സാക്ഷരതാ യത്നങ്ങള്‍ക്ക് തുടക്കം കുറിക്കുന്നത്. ഭരണാധികാരികള്‍ ഉദാരമായ സ്റ്റൈപ്പന്റുകളിലൂടെ കുട്ടികളെ വിദ്യാലയങ്ങളിലേക്ക് ആകര്‍ഷിച്ചു. ഇന്ന് സ്ഥിതി ഏറെ ഭേദമാണ്. സ്ത്രീവിദ്യാഭ്യാസത്തില്‍ വളരെ പിന്നോക്കമായ ഈ മേഖലയില്‍ ഏറ്റവുമധികം ബിരുദധാരികളുള്ളത് ഇന്ന് സ്ത്രീകളിലാണ്. തൊഴില്‍മേഖലയിലും സ്ഥിതി മോശമല്ല. ഗള്‍ഫിലെ വളരെ ചെറിയൊരു രാജ്യമായ ഖത്തര്‍ സമീപകാലത്തായി ഈ വിഷയത്തില്‍ വലിയ മുന്നേറ്റം തന്നെ നടത്തിയിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്തെ ആധുനീകരണത്തില്‍ ഭരണാധികാരിയായ അമീര്‍ ശൈഖ് ഹമദിന്റെ പത്നി ശൈഖ മൗസയുടെ സംഭാവനകള്‍ വലിയ പങ്ക് വഹിക്കുന്നു. അവരുടെ ഭാവനയില്‍നിന്ന് രൂപംകൊണ്ടതാണ് വിദ്യാഭ്യാസ സിറ്റി.

ഈജിപ്തിലെ മുസ്‌ലിം ബ്രദര്‍ഹുഡ് ധിഷണകളോട് ഏറെ കടപ്പെട്ടതാണ് ഖത്തറിലെ വിദ്യാഭ്യാസ പുരോഗതി. വ്യവസ്ഥാപിതമായ വിദ്യാഭ്യാസ സമ്പ്രദായത്തിന് അടിത്തറ പണിതത് ഈജിപ്തില്‍ നിന്നെത്തിയ ഒരു സംഘം മുസ്‌ലിം ബ്രദര്‍ഹുഡുകാരായിരുന്നു. ഡോ. ഖറദാവി, അബ്ദുല്‍ ബദീഅ് സഖര്‍, അബ്ദുല്‍ ഹലീം അബൂശഖ, അലി ജമ്മാസ് തുടങ്ങിയവര്‍ ഇവരില്‍ പ്രമുഖരത്രെ. ഇസ്‌ലാമിക ചൈതന്യം സന്നിവേശിപ്പിച്ച് കാലികമായൊരു കരിക്കുലത്തിന് രൂപം കൊടുത്തത് അബൂശഖയായിരുന്നു. അദ്ദേഹം ആ ദൗത്യം പൂര്‍ത്തിയാക്കിയ ശേഷം പിടിപ്പത് ശമ്പളമുള്ള ഉന്നത തസ്തികകള്‍ ലഭ്യമായിട്ടും അക്കാദമികമായ മറ്റ് ചില ദൗത്യങ്ങള്‍ ഏറ്റെടുത്ത് കൊണ്ട് കുവൈത്തിലേക്ക് ചേക്കേറുകയായിരുന്നു. ഖത്തറിലെ ആദ്യത്തെ വ്യവസ്ഥാപിത വിദ്യാലയം എന്ന് പറയുന്ന അല്‍-മഅ്ഹദുദ്ദീനി (റിലീജസ് ഇന്‍സ്റ്റിറ്റ്യൂട്ട്) കെട്ടിപ്പടുത്തത് ഇവരൊക്കെ ചേര്‍ന്നാണ്. മഅ്ഹദിലെ പ്രഥമ പ്രിന്‍സിപ്പലായിരുന്ന ഡോ.ഖറദാവി.

ഖത്തറിലെ പെണ്‍പള്ളിക്കൂടത്തിന്റെ ചരിത്രത്തിലേക്ക് വരുമ്പോഴും അതിന്റെ വേരുകള്‍ ചെന്നെത്തുക ബ്രദര്‍ഹുഡ് നേതാക്കളിലാണ്. ഈജിപ്തിലെ രാഷ്ട്രീയ സാഹചര്യങ്ങള്‍മൂലം ഖത്തറിലെത്തിയ അബ്ദുല്‍ ബദീഅ് സഖറാണ് അവിടുത്തെ സ്ത്രീ വിദ്യാഭ്യാസത്തിന്റെ ബീജദാതാവ്.

1955 (ഹി. 1375)ലാണ് ഖത്തറില്‍ ഒരു പെണ്‍പള്ളിക്കൂടം സ്ഥാപിക്കാനുള്ള ശ്രമത്തിന് ആദ്യമായി നാന്ദി കുറിക്കുന്നത്. ശൈഖ് അലിബ്നു അബ്ദുല്ലയാണ് അന്ന് ഖത്തറിന്റെ ഭരണാധികാരി. കോട്ട എന്നര്‍ത്ഥമുള്ള 'ഖല്‍അഃ' (ഇന്നത്തെ ദോഹ പാലസിന്റെ ഭാഗം) ആണ് ശൈഖ് അലിയുടെ ആസ്ഥാനം. ആ വര്‍ഷം ഒരു ശരത്കാല സായാഹ്നത്തില്‍ അബ്ദുല്‍ ബദീഅ് സഖര്‍ ഒരു നിവേദന കുറിപ്പ് എഴുതിയുണ്ടാക്കി ഭരണാധികാരിയുടെ മജ്‌ലിസിലെത്തി. അറബ് പാരമ്പര്യമനുസരിച്ച് അതിഥികള്‍ക്ക് ഖഹ്‌വ വിളമ്പി കഴിഞ്ഞപ്പോള്‍ നിവേദനം ശൈഖ് അലിക്ക് സമര്‍പ്പിച്ചു. അവധാനതയോടെ കുറിപ്പടി വായിച്ചശേഷം അത് അബ്ദുല്‍ ബദീഅ് സഖറിന് മടക്കിക്കൊടുത്ത് അല്പം നീരസത്തോടെ ശൈഖ് ചോദിച്ചു: "എന്താണിത്, അബ്ദുല്‍ ബദീഅ്?"

"ത്വാഉംറുക (ആയുഷ്മന്‍)" സഖര്‍ പ്രതിവചിച്ചു. "ഒരു പെണ്‍പള്ളിക്കൂടം തുടങ്ങുന്നതിന് അങ്ങയുടെ അനുമതി തേടിക്കൊണ്ടുള്ള അപേക്ഷയാണിത്. നമ്മുടെ സമൂഹത്തിന്റെ അര്‍ദ്ധഭാഗത്തെ ഇനിയും ഇങ്ങനെ അജ്ഞരായി പാഴാക്കിക്കളയുന്നത് ശരിയല്ല."

സദസ്സില്‍ അന്ന് വിദ്യാഭ്യാസസമിതിയുടെ തലവനായ ജാസിം ദര്‍വീശ് ഫഖ്റുവുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ നേരെ തിരിഞ്ഞു ശൈഖ് അലി പറഞ്ഞു: "ആ കടലാസു വാങ്ങി എന്താണ് അബ്ദുല്‍ ബദീഇന്റെ ഉദ്ദേശമെന്ന് നോക്കുക."

ജാസിം ദര്‍വീശ് മെമ്മോറാണ്ടം വാങ്ങി വായിച്ചശേഷം പറഞ്ഞു: "ദീര്‍ഘായുഷ്മന്‍ ഈ വിഷയം സംസാരിക്കണ്ട എന്ന് അബ്ദുല്‍ ബദീഇനെ ഞാന്‍ നേരത്തെ ഉപദേശിച്ചതാണ്. എന്നാല്‍ അബ്ദുല്‍ ബദീഊക്ക് ഇതിലൊരു വാശി തന്നെയായിരുന്നു."

ജാസിം ഫഖുറു ഇത്രയും പറഞ്ഞപ്പോഴേക്കും അബ്ദുൽ ബദീഅ് പിന്നെയും എന്തോ പറയാൻ തുനിഞ്ഞു. പക്ഷേ ശൈഖ് അലി സംസാരം തടഞ്ഞു. ജാസിം ഫഖുറുവും അദ്ദേഹത്തെ പിന്തിരിപ്പിച്ചു. അങ്ങനെ അബ്ദുൽ ബദീഅ് സഖർ തന്റെ നിവേദനം മടക്കി ഖിന്നനും പരാജിതനുമായി മടങ്ങി.

പക്ഷേ, അത്ര വേഗം പിന്തിരിയുന്ന കൂട്ടത്തിലായിരുന്നില്ല അദ്ദേഹം. പരാജയപ്പെട്ടാലും തനിക്ക് ബോധ്യമായ ഒരു കാര്യത്തിനുവേണ്ടി എത്ര തവണയും ശ്രമം തുടരാൻ മാത്രം ക്ഷമാശീലനായിരുന്നു.

അതുകൊണ്ട് അതേവർഷം ഒടുവിൽ പെൺപള്ളിക്കൂടമെന്ന ആശയവുമായി ഒരിക്കൽകൂടി അബ്ദുൽ ബദീഅ് സഖർ ഭരണാധികാരിയെ സമീപിച്ചു. ശുദ്ധനീരുറവകൾക്ക് പ്രസിദ്ധമായ ശിമാലിലെ ഫാമുകളിലൊന്നിൽ പതിവ് വർഷാന്ത വിശ്രമത്തിലായിരുന്നു അപ്പോൾ ശൈഖ് അലി. ജാസിം ദർവീശിനെയും വിദ്യാഭ്യാസവകുപ്പിലെ മറ്റൊരു ഈജിപ്ഷ്യൻ ഉദ്യോഗസ്ഥനായ മുഹമ്മദ് ശാഫി സാദിഖ് അനാനി (പിന്നീടിദ്ദേഹം ഖത്തർ പൗരനായി)യെയും കൂട്ടി അബ്ദുൽ ബദീഅ് സഖർ ശിമാലിലെ റിസോർട്ടിൽ ചെന്ന് ശൈഖിനെ സന്ദർശിച്ചു. സ്ത്രീവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഭരണാധികാരിയെ ബോധ്യപ്പെടുത്താനുള്ള നല്ല മുന്നൊരുക്കത്തോടുകൂടി തന്നെയായിരുന്നു ഇത്തവണത്തെ പുറപ്പാടെന്ന് ഈ ചരിത്രസംഭവം രേഖപ്പെടുത്തിയ മുഹമ്മദ് ശാഫി പറയുന്നു. വിഷയം അവതരിപ്പിക്കേണ്ട മട്ടും ശൈലിയുമൊക്കെ പഠിച്ചുറപ്പിച്ചിരുന്നു.

സൗദിയിലെ വഹാബി സരണി പിന്തുടരുന്ന ഭരണാധികാരിയായിരുന്നു ശൈഖ് അലി. അതിനാൽ പരമ്പരാഗതരീതികൾക്ക് വിപരീതം പ്രവർത്തിക്കാൻ മടിയുണ്ടാവുക സ്വാഭാവികം. പെൺപള്ളിക്കൂടത്തോട് ഗൾഫ് രാജ്യങ്ങളിൽ മൊത്തം തന്നെ സലഫീ യാഥാസ്ഥിതിക സമീപനമായിരുന്നു അക്കാലത്ത് നിലനിന്നിരുന്നത്. അവരുടെ ഉദ്ദേശശുദ്ധിയെ കുറ്റപ്പെടുത്തിക്കൂടാ. ഇത്തരം സംരംഭങ്ങൾ അനിഷ്ടകരമായ പരിണതിയിലേക്ക് നയിച്ചാൽ അല്ലാഹുവിന്റെ മുമ്പിൽ നാളെ ഉത്തരം പറയേണ്ടിവരുമല്ലോ എന്ന തീഷ്ണമായ മതബോധം തന്നെയായിരുന്നു അവരെ അതിൽ നിന്ന് പിന്തിരിപ്പിച്ചിരുന്നത്.

ശൈഖിന്റെ തമ്പിനകത്ത് അതിഥികളൊക്കെ ഖഹ്‌വ പാനം ചെയ്തതോടെ അക്കാലത്തെ കവിയായിരുന്ന അബ്ദുറഹ്മാൻ മുആവദ കവിത പാരായണം തുടങ്ങി. എല്ലാവരും നിശബ്ദം കവിത ആസ്വദിക്കുകയാണ്. മുത്വവ്വഅ (മതാധ്യാപകൻ ഈ പേരിലാണ് അറിയപ്പെടുന്നത്) ഹസൻ ജാബിരി അഹ്മദ് യൂസുഫ് അൽ ജാബിറും സദസ്സിലുണ്ടായിരുന്നു. നാസിർബ്നു അബ്ദുല്ല അൽ അത്വിയ്യയടക്കം മൂന്ന് നാട്ടുപ്രമാണിമാരും കൂട്ടത്തിലുണ്ട്. കവിതാലാപാനം അവസാനിച്ച ഉടൻ അബ്ദുൽ ബദീഅ് സഖർ ഇരിപ്പിടത്തിൽ നിന്നെഴുന്നേറ്റ് ശൈഖിന്റെ മുമ്പിൽ ചെന്നിരുന്ന് ചുണ്ടനക്കി:
"യാ ത്വവീലൽ ഉംറ് (ദീർഘായുഷ്മൻ), അല്ലാഹുവിന്റെ മുമ്പിൽ ഉത്തരവാദിത്തത്വം നിർവഹിച്ച സമാധാനത്തിനായി എന്റെ മനസ്സിലുള്ള ചിലത് പറയണമെന്നുണ്ട്. അങ്ങ് അനുമതി തരുമോ?"

"എന്താണെന്ന് വെച്ചാൽ പറഞ്ഞോളൂ അബ്ദുൽ ബദീഅ്. ദൈവേഛയുണ്ടെങ്കിൽ എല്ലാം നല്ലതിനായിരിക്കും."

ശൈഖിന്റെ ഇടത് വശത്തിരിക്കുന്ന ശൈഖ് ഹസൻ ജാബിർ, ശൈഖ് അഹ്മദ് യൂസുഫ് അൽ ജാബിർ, ശൈഖു ജാസിം ഫഖുറു ദർവീശ് എന്നിവരിൽ ഓരോരുത്തരുടേയും നേരെ വിരൽ ചൂണ്ടി അബ്ദുൽ ബദീഅ് സഖർ സംസാരിക്കാൻ ആരംഭിച്ചു:

"അല്ലാഹുവിനെ മുൻനിർത്തി നിങ്ങളിലോരോരുത്തരോടും ചോദിക്കുകയാണ്, ആമിന മഹ്മൂദ് ജൈദയെകുറിച്ചു എന്താണ് നിങ്ങളുടെ അഭിപ്രായം?"

നല്ലതല്ലാതെ ഒന്നും തങ്ങൾക്കവരെപ്പറ്റി പറയാനില്ലെന്ന് അവർ ഒന്നിച്ചു മറുപടി പറഞ്ഞതും അബ്ദുൽ ബദീഅ് സഖറിന്റെ സംസാരം ഭരണാധികാരിയായ ശൈഖ് അലിയുടെ നേരെ തിരിഞ്ഞുകൊണ്ടായി:

"ദീർഘായുഷ്മൻ, ഈ വിഷയത്തിൽ അവസാനമായി ഞാൻ നിങ്ങളോട് സംസാരിക്കുകയാണ്. ഈ വിഷയവുമായി വന്ന് ഒരുപാട് തവണ ഇതിനുമുമ്പ് ഞാൻ അങ്ങയ്ക്ക് തലവേദന സൃഷ്ടിച്ചിട്ടുണ്ട്. എന്റെ ഈ വാശിയുടെ നേരെ അല്ല, പ്രതീക്ഷയുടെ നേരെ മനസ്സ് തുറക്കണമെന്നാണ് ആദ്യം എനിക്ക് പറയാനുള്ളത്. ആമിന മഹ്മൂദ്, ഖത്തർ വനിതകളിൽ ഏറ്റവും ശ്രേഷ്ഠയായ വനിതയാണ്. പെൺകുട്ടികളെ ഖുർആൻ പഠിപ്പിക്കുന്ന ഒരു 'കുത്താബു' (ഓത്തുപള്ളിക്കൂടം) അവർ നടത്തുന്നുണ്ട്. അത് വിദ്യാഭ്യാസവകുപ്പിന്റെ കീഴിലാക്കാൻ അങ്ങ് എനിക്കനുമതി തരണം. യാതൊരു വേതനവും പറ്റാതെ എന്റെ ഭാര്യ സൗജന്യമായി അതിന്റെ മേൽനോട്ടം വഹിക്കുമെന്ന് ഞാൻ അങ്ങയ്ക്ക് ഉറപ്പ് നൽകാം. അവിടുത്തെ പഠനത്തിനു അങ്ങനെ നമുക്ക് വ്യവസ്ഥാപിതമായി രൂപം നൽകാം. ഖുർആൻ മനഃപാഠത്തിനുപുറമെ നബിചര്യ, പ്രവാചക ചരിത്രം, നബി പത്നിമാരുടെയും വനിതാ സഹാബിമാരുടേയും ജീവചരിത്രം, സച്ചരിതരായ ഖലീഫമാരുടെ ചരിത്രം ഇവയൊക്കെ പാഠ്യപദ്ധതിയിൽ നമുക്ക് കൂട്ടിച്ചേർക്കാം. ഈ പള്ളിക്കൂടം അങ്ങക്ക് മനഃസംതൃപ്തിയും സന്തോഷവും തരുന്നവിധം മുന്നോട്ടുപോകുമെന്ന് ഞാൻ വാക്കുതരുന്നു. സന്മാർഗത്തിൽനിന്ന് വ്യതിചലിക്കുന്ന യാതൊന്നും അവിടെ സംഭവിക്കില്ല. അങ്ങനെ വല്ല പ്രവണതയും കണ്ടാൽ അത് തടയുന്നതിന്റെ മുൻപന്തിയിൽ ഞാനുണ്ടാകും."


*ശൈഖ് അലിബ്നു അബ്ദുല്ല*


*അബ്ദുൽ ബദീഅ് സഖർ*


*ഡോ: ഖറദാവി*


*അബ്ദുൾ ഹലീം അബൂശഖ*

ശൈഖ് അലിയുടെ മുഖഭാവത്തിന് മാറ്റമൊന്നുമുണ്ടായില്ല. വാക്കുകൾ ശ്രദ്ധാപൂർവ്വം കേട്ട അദ്ദേഹം ചുറ്റുമുള്ളവരിലേക്ക് തിരിഞ്ഞ് ചോദിച്ചു: “അബ്ദുൽ ബദീഅ് പറഞ്ഞത് കേട്ടില്ലേ? എന്താണ് നിങ്ങളുടെ അഭിപ്രായം?”

അഹ്മദ്ബ്നു യൂസുഫ് അൽ ജാബിറാണ് ആദ്യം സംസാരിച്ചത്: “ദീർഘായുഷ്മൻ. അല്ലാഹുവിനെ മുൻനിറുത്തി പറയട്ടെ, പറഞ്ഞതൊക്കെ നല്ല കാര്യങ്ങളാണ്. ആമിന മഹ്മൂദ് അറിയപ്പെടുന്ന മുതവ്വഅ (മതധ്യാപിക)യാണ്. ഖത്തറിലെ ആദരവ് നേടിയ വനിതയാണ്. അവരുടെ കുട്ടിപ്പള്ളിക്കൂടം വിദ്യാഭ്യാസ വകുപ്പിനോട് ചേർക്കുകയാണെങ്കിൽ അബ്ദുൽ ബദീഅ് പറഞ്ഞ രീതിയിൽ തന്നെയായിരിക്കും നല്ലത്. അല്ലാഹു ഉദ്ദേശിച്ചാൽ അത് നല്ല ഫലം ചെയ്യുമെന്നാണ് എന്റെ അഭിപ്രായം.”

ഹസൻ ജാബിറാണ് തുടർന്ന് സംസാരിച്ചത്. ജാസിം ദർവീശിന്റെ നേരെ തിരിഞ്ഞ് ഹസൻ പറഞ്ഞു: “ഇതിന്റെ ഒന്നാമത്തെ ഉത്തരവാദി നിങ്ങളായിരിക്കും. വിദ്യാഭ്യാസവകുപ്പിന്റെ തലവൻ താങ്കളാണ്. ഇതൊരു അനാമത്തായി താങ്കളുടെ ചുമലിൽ വെച്ച് തന്നിരിക്കുകയാണ് ശൈഖ്. അതിനാൽ നാളെ അല്ലാഹുവിന്റെ മുന്നിൽ താങ്കളായിരിക്കും ഇതിനുമറുപടി പറയേണ്ടി വരിക.”

“എന്തായാലും കാര്യങ്ങളൊക്കെ നേരെചൊവ്വെ നടക്കണമെന്നാണു ഞങ്ങളുടെയൊക്കെ ആഗ്രഹം. അല്ലാഹുവിന്റെ നിയമങ്ങൾക്കെതിരായ, നാട്ടുനടപ്പുകൾക്ക് വിരുദ്ധമായ ഒന്നും ഉണ്ടാവുകയില്ല. സത്യം പറഞ്ഞാൽ ആമിന മഹ്മൂദ് ജൈദ ഇത്രയും കാലം നമ്മുടെയൊന്നും ചിന്തയിൽ എന്തേ വരാതെ പോയതെന്നാണ് ഞാൻ ആത്ഭുതപ്പെടുന്നത്.” -ജാസിം ദർവീശ് വിശദീകരിച്ചു.

സദസ്സിൽ ഗൗരവം മുറ്റിനിൽക്കുന്ന നിശ്ശബ്ദത. ആരും ഒന്നും മിണ്ടുന്നില്ല. ഒടുവിൽ ഭരണാധികാരി ശൈഖ് അലി മൗനം ഭഞ്ജിച്ചു. ജാസിം ദർവീശിന്റെ നേരെ വിരൽചൂണ്ടി അദ്ദേഹം പറഞ്ഞു: “ശരി, എല്ലാറ്റിന്റെയും ഉത്തരവാദി ജാസിമേ താങ്കളായിരിക്കും. വിദ്യാഭ്യാസ വകുപ്പിന്റെ തലവൻ താങ്കളാണ്. നാളെ അല്ലാഹുവിന്റെ മുമ്പിൽ ഒരു തലമുറയെ പിഴപ്പിച്ചതിനെക്കുറിച്ച് ഉത്തരം ബോധിപ്പിക്കേണ്ടി വരികയാണെങ്കിൽ ഞാൻ നിങ്ങളെയൊക്കെയാണ് ചൂണ്ടിപ്പറയുക. അതുകൊണ്ട് നല്ല ഉത്തരവാദിത്വബോധത്തോടെ കാര്യങ്ങൾ നടത്തിക്കൊണ്ടുപോവുക.”

അബ്ദുൽബദീഅ് സഖറിന്റെ ചുണ്ടിൽ ഒരു മന്ദഹാസം വിടർന്ന് പരന്നൊഴുകി. ജാസിം ദർവീശിന്റെയും മുഹമ്മദ് ശാഫിയുടേയും കൂടെ ശിമാലിലെ റിസോർട്ടിൽനിന്ന് ദോഹയിലേക്കുള്ള മടക്കയാത്രയിൽ കാറിൽ മുഖ്യ ചർച്ച പുതിയ പെൺപള്ളിക്കൂടത്തെ കുറിച്ചായിരുന്നു. അബ്ദുൽ ബദീഅ് സഖ്റിന്റെ ഭാര്യ പിറ്റേന്ന് തന്നെ ആമിന മഹ്മൂദിനെ ചെന്ന് കണ്ട് അവരുടെ കുട്ടിപ്പള്ളിക്കൂടം വിപുലീകരിക്കാനുള്ള ഗവൺമെന്റ് തീരുമാനം അറിയിച്ച് സമ്മതം വാങ്ങി. അബ്ദുൽ ബദീഅ് സഖർ അന്നുതന്നെ അവരെ അതിന്റെ ചുമതല ഏൽപിച്ചു. സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. സ്വന്തം ഭാര്യയെ വേതനമില്ലാതെ അതിന്റെ മേൽനോട്ടക്കാരിയായും നിയമിച്ചു.

പെൺകുട്ടികൾക്ക് ഒരു സ്കൂൾ എന്ന ആശയം പാരമ്പര്യ ബുദ്ധികളായ പല വീട്ടുകാർക്കും ആദ്യമാദ്യം അത്ര ദഹിക്കുകയുണ്ടായില്ല. പലരും കുട്ടികളെ അയക്കാൻ മടിച്ചു. അബ്ദുൽ ബദീഅ് സഖറിന്റെ ഭാര്യ വീടുകളിൽ കയറിയിറങ്ങി സ്ത്രീകളെ ബോധവൽക്കരണം നടത്തി. ഭക്ഷണ അലവൻസടക്കം വിദ്യാർത്ഥിനികൾക്കുള്ള ഉദാരമായ സ്റ്റെയിപ്പെന്റ് നല്ല പ്രോത്സാഹനമായി. ദിവസം ചെല്ലും തോറും കുട്ടികൾ കൂടിവന്നു.

പിന്നീട് ദോഹ ഗേൾസ് സ്കൂൾ (മദ്രസത്തു ദ്ദോഹ ലിൽ ബനാത്ത്) എന്ന പേരിൽ പഠനം ജസ്റയിലെ വാടകക്കെട്ടിടത്തിലേക്ക് മാറി. വിദ്യാഭ്യാസ അണ്ടർ സെക്രട്ടറി ശൈഖ ആലു മഹ്മൂദടക്കം പല പ്രഗത്ഭ വനിതകളും അമിന മഹ്മൂദ് എന്ന ആശാട്ടിയുടെ ശിഷ്യരാണ്. റിട്ടയർ ചെയ്ശേഷം ദോഹക്ക് സമീപം മറ്റൊരു വീട്ടിൽ മരിക്കും വരെ ഒരു വേലക്കാരിയോടൊപ്പം തനിച്ചായിരുന്ന അവരുടെ ജീവിതം. മകൻ അലി എല്ലാ സായാഹ്നത്തിലും അവരെ സന്ദർശിക്കുമായിരുന്നു. അവരുടെ മരണത്തിന്റെ വർഷങ്ങൾക്ക് മുമ്പ് തന്നെ അബ്ദുൽ ബദീഅ് സഖറും യു.എ.ഇയിൽ വെച്ച് ഇഹലോകവാസം വെടിഞ്ഞു. പിൽക്കാലത്ത് അവിടെയായിരുന്നു സാഹചര്യവശാൽ അദ്ദേഹത്തിന്റെ ജീവിതം. അവിടെയും ‘അന്നൂർ’ എന്ന പേരിൽ മദ്രസാ ശൃംഖല സ്ഥാപിച്ചുകൊണ്ട് വിദ്യാഭ്യാസ പ്രവർത്തനം തുടരുകയായിരുന്നു അദ്ദേഹം. തലമുറകളുടെ സ്രഷ്ടാക്കളായി കൊണ്ടാണ് ആമിന മഹ്മൂദും അവരെ കണ്ടെത്തിയ അബ്ദുൽ ബദീഅ് സഖറും ജീവിതത്തോട് വിടവാങ്ങിയത്. ‘ബന്നാ’ എന്ന വാക്കിനെ അന്വർഥമാക്കുന്ന നിർമാണ പ്രതിഭയായ ബ്രദർഹുഡ് സ്ഥാപകൻ ഹസനുൽ ബന്നയുടെ സംഭാവന തന്നെയാണ് ഗൾഫിലെ ഊഷരമായ അക്ഷരഭൂമിയെ ഉർവരമാക്കിയതെന്നും ഇതോടുചേർത്ത് അനുസ്മരിക്കേണ്ടതുണ്ട്.